16
തിങ്കൾ
ജനുവരി 2023
1198 മകരം 02
Vol0 5 Issue No.105

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 12
www.keralapranamam.com
infokeralapranamam@gmail.com



## കുടിവെള്ള വിതരണം സ്വകാര്യ കമ്പനിക്ക്, തിരുവനന്തപുരത്തും കൊച്ചിയിലും നടപ്പാക്കും

**തിരുവനന്തപുരം:** വാട്ടർ അതോറിട്ടിക്ക് ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ കുടിവെള്ള വിതരണവും വെള്ളക്കരം പിരിക്കാനുള്ള ചുമതലയും സ്വകാര്യകമ്പനിക്ക് കൈമാറാൻ ധാരണയായി.

കേരള അർബൻ വാട്ടർ സപ്ളൈ ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പേരിലാണ് പദ്ധതി നടപ്പാക്കുന്നത്. ജലവിതരണ ശൃംഖല നവീകരിച്ചും കുടിവെള്ളം മുടക്കം കൂടാതെ ലഭ്യമാക്കിയും പദ്ധതി നടപ്പാക്കാൻ എ.ഡി.ബി വായ്പ നൽകും.

വാട്ടർ അതോറിട്ടിയുടെ നഷ്ടം കുറയ്ക്കാൻ ഇതുവഴി കഴിയുമെന്നാണ് കണക്കുകൂട്ടൽ. എന്നാൽ സ്വകാര്യ കമ്പനി നിരക്ക് അമിതമായി വർദ്ധിപ്പിക്കുമെന്ന് ആശങ്കയുണ്ട്. കഴിഞ്ഞ ദിവസം നിരക്ക് വർദ്ധന വരുത്തിയതും ഇതിന് മുന്നോടിയാണെന്ന് ആക്ഷേപമുണ്ട്. നിലവിൽ കിലോലിറ്ററിന് 4.40 രൂപയ്ക്ക് ഗുണഭോക്താവിന് ലഭിക്കുന്ന വെള്ളത്തിന്റെ കരം 14.41 രൂപയായി കഴിഞ്ഞ ദിവസം ഉയർത്തിയിരുന്നു.

പദ്ധതി 10 വർഷത്തേക്ക് സ്വകാര്യ കമ്പനിയെ ഏൽപ്പിക്കാനാണ് നീക്കം. ഇക്കാലയളവിനുള്ളിൽ വാട്ടർ അതോറിട്ടിയുടെ നഷ്ടം 20 ശതമാനമാക്കി കുറയ്ക്കാൻ കഴിയുമെന്നാണ് അധികൃതർ പറയുന്നത്.2511 കോടിയുടെ പദ്ധതി പൈലറ്റ് പ്രോജക്ടായി കൊച്ചിയിലാണ് ആദ്യം നടപ്പാക്കുക. കൊച്ചി കോർപ്പറേഷനെ ഒമ്പത് സോണുകളാക്കി തിരിച്ചാണിത്.1045 കോടിയാണ് ഇതിനായി ചെലവിടുന്നത്. പദ്ധതിത്തുകയുടെ 70 ശതമാനം ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും 30 ശതമാനം സംസ്ഥാന സർക്കാരും വഹിക്കും. എ.ഡി.ബിയുടെ പ്രതിനിധികളും വാട്ടർ അതോറിട്ടി ടെക്നിക്കൽ മെമ്പർ, സെൻട്രൽ സോൺ ചീഫ് എൻജിനീയർ, മറ്റ് മുതിർന്ന എൻജിനിയർമാർ തുടങ്ങിയവർ അടുത്തിടെ തിരുവനന്തപുരത്ത് യോഗം ചേർന്ന് പദ്ധതി സംബന്ധിച്ച് ധാരണയിലെത്തി. കൺസൾട്ടൻസി കരാറിനായി ഇന്ത്യയിലെയും വിദേശത്തെയും എട്ട് കമ്പനികളെ ഉൾപ്പെടുത്തി ഷോർട്ട് ലിസ്റ്റും തയ്യാറാക്കി.തുക നാല് പാക്കേജുകൾക്ക്

2510 കോടി പദ്ധതിത്തുക
1757 കോടി എ.ഡി.ബി വിഹിതം
753കോടി സർക്കാർ വിഹിതം

1 എറണാകുളത്തെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തൽ
2 തിരുവനന്തപുരം ജലവിതരണം മെച്ചപ്പെടുത്തൽ
3 ആലുവയിലെ പ്ളാന്റ് നവീകരണം
4 അരുവിക്കര പ്ളാന്റ് നവീകരണം

ആറുവർഷം മുൻപേ ആലോചന
2017:എ.ഡി.ബി-സർക്കാർ ധാരണ
2018:കേന്ദ്രത്തിന്റെ അനുമതി ലഭിച്ചു
2020: സംസ്ഥാന സർക്കാർ ഭരണാനുമതി നൽകി



## നേപ്പാളിൽ വിമാനം തകർന്ന് 72 മരണം, മരിച്ചവരിൽ 5 ഇന്ത്യക്കാർ

**കാഠ്മണ്ഡു:** നേപ്പാളിൽ 68 യാത്രക്കാരും നാല് ജീവനക്കാരുമായി പറന്ന യെതി എയർലൈൻസ് വിമാനം ലാൻഡിംഗിന് മിനിറ്റുകൾ മാത്രം ശേഷിക്കേ തകർന്ന് തീപിടിച്ച് അഞ്ച് ഇന്ത്യക്കാരുൾപ്പെടെ 72 പേരും മരിച്ചതായി റിപ്പോർട്ട്. 68 മൃതദേഹങ്ങൾ കണ്ടെത്തി. യു.പി. സ്വദേശികളായ അഭിഷേക് കുശ്വാഹ, വിശാൽ ശർമ്മ, അനിൽകുമാർ രാജ്ഭർ, സോനു ജെയ്സ്വാൾ, സഞ്ജയ ജെയ്സ്വാൾ എന്നിവരാണ് മരണമടഞ്ഞ ഇന്ത്യക്കാർ. യാത്രക്കാരിൽ 53പേരും നേപ്പാളികളാണ്. 5 ഇന്ത്യക്കാരും 4 റഷ്യക്കാരും 2 കൊറിയക്കാരും അർജന്റീന, അയർലൻഡ്,ഓസ്ട്രേലിയ, ഫ്രാൻസ് എന്നിവിടങ്ങളിൽ നിന്നുള്ള ഓരോരുത്തരുമാണ് മറ്റുള്ളവർ. ഇവരിൽ ആറ് പേർ കുട്ടികളാണ്. ജീവനക്കാരുടെ വിവരങ്ങൾ അറിവായിട്ടില്ല. 68 മൃതദേഹങ്ങൾ വീണ്ടെടുത്തു.

**അപകടം പതിവാകുന്നത്**

1 കാലാവസ്ഥ പൊടുന്നനെമാറുന്നത് വെല്ലുവിളി
2 മല നിരകൾക്ക് ഇടയിലെ വ്യോമ പാത
3 പഴക്കം ചെന്ന വിമാനങ്ങളും സുരക്ഷാ വീഴ്ചയും

30വർഷം,
30 അപകടം

. ഹിമാലയൻ രാജ്യമായ നേപ്പാൾ വിമാനയാത്രക്കാർക്ക് മരണ ഭൂമിയാണ്.
. 2000 മുതലുണ്ടായ വിമാന-ഹെലികോപ്ടർ അപകടങ്ങളിൽ മരിച്ചത് 309 പേർ
. വിമാനയാത്ര സുരക്ഷ ഏറ്റവും മോശമായ രാജ്യം, വിമാന ജീവനക്കാർക്ക് മതിയായ പരിശീലനമില്ല
. 2013 മുതൽ നേപ്പാൾ യൂറോപ്യൻ യൂണിയന്റെ വ്യോമസുരക്ഷാ കരിമ്പട്ടികയിൽ
. യൂറോപ്പിന്റെ വിമാനങ്ങൾ നേപ്പാളിലേക്ക് സർവീസ് നടത്തുന്നതിന് വിലക്ക്

**വീണത് മലഞ്ചെരുവിൽ**

പടിഞ്ഞാറൻ നേപ്പാളിലെ ടൂറിസ്റ്റ് കേന്ദ്രമായ പൊഖാറയിലെ പഴയ വിമാനത്താവളത്തിനും രണ്ടാഴ്ച മുമ്പ് മാത്രം ഉദ്ഘാടനം ചെയ്ത പുതിയ വിമാനത്താവളത്തിനും മദ്ധ്യേ സേതി നദിയുടെ കരയിൽ രണ്ട് കുന്നുകൾക്കിടയിലുള്ള ഗർത്തത്തിലാണ് വിമാനം വീണത്. രാവിലെ 10.50നാണ് വിമാനത്തിൽ നിന്ന് അവസാനം സിഗ്നൽ ലഭിച്ചത്. പകുതി മലഞ്ചെരുവിലും മറുപകുതി ഗർത്തത്തിലുമാണ് വീണത്. കാരണം വ്യക്തമായിട്ടില്ല. ലാൻഡിംഗിനായി താഴേക്ക് വരുമ്പോൾ ഇടത്തോട്ട് ചരിഞ്ഞുലഞ്ഞ് ഉഗ്രശബ്ദത്തോടെ തകരുകയായിരുന്നു. ബ്ലാക്ക് ബോക്സും കോക്ക്പിറ്റ് വോയിസ് റെക്കാഡറും കണ്ടെടുക്കണം.

## നേപ്പാൾ വിമാനാപകടം: മരിച്ചവരിൽ മല്ലപ്പള്ളിയിൽ വന്നുപോയവരും

മല്ലപ്പള്ളി : പൊഖാറ വിമാന അപകടത്തിൽ മരണപ്പെട്ടവരിൽ മല്ലപ്പള്ളി ആനിക്കാട് മരണാനന്തര ചടങ്ങിൽ പങ്കെടുത്തുമടങ്ങിയ മൂന്ന് നേപ്പാൾ സ്വദേശികളും. ആനിക്കാട് നൂറോമ്മാവിൽ തൊമ്മിക്കാട്ടിൽ മാത്യു ഫിലിപ്പിന്റെ (75) സംസ്കാര ചടങ്ങിൽ പങ്കെടുത്ത് മടങ്ങിയ റാബിൻ ഹമൽ, രാജു ടാക്കൂരി, അനിൽ ഷാഹി എന്നിവരാണ് വിമാന അപകടത്തിൽ മരിച്ചത്. മാത്യു ഫിലിപ്പ് 40 വർഷത്തോളം നേപ്പാളിൽ ബ്രദറൻ സഭയുടെ സുവിശേഷ പ്രചാരകനായിരുന്നു. ഇപ്പോൾ 10 വർഷത്തോളമായി നാട്ടിലുണ്ട്. കഴിഞ്ഞ വെള്ളിയാഴ്ച ആനിക്കാട് മുറ്റത്ത്മാവ് ബ്രദറൻ സഭ സെമിത്തേരിയിൽ നടന്ന സംസ്കാര ചടങ്ങിൽ പങ്കെടുക്കാനായാണ് നേപ്പാളിൽ നിന്നുള്ള അഞ്ചംഗ സുവിശേഷക സംഘം നാട്ടിലെത്തിയത്. സംസ്കാരത്തിന് ശേഷം വൈകിട്ട് ഏഴിന് ഇവർ മടങ്ങി. മടക്കയാത്രയിൽ സംഘത്തിലെ ദീപക്ക് തമാഗ്, സരൺ എന്നിവർ കാഠ്മണ്ഡു വിമാനത്താവളത്തിൽ ഇറങ്ങി. മറ്റ് മൂന്നുപേരും പൊഖാറയിലേക്ക് പോകവേയായിരുന്നു അപകടം.





## കൊലവിളി സ്കൂളിലും, പുറത്തുനിന്ന് വന്ന രണ്ടംഗ സംഘം വടിവാൾ വീശി ഭീകരാന്തരീക്ഷം സൃഷ്ടിച്ചു

തൃശൂർ: വരവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പൂർവവിദ്യാർത്ഥി സംഗമം നടക്കുന്നതിനിടെ പുറത്തുനിന്ന് വന്ന രണ്ടംഗസംഘം വടിവാൾ വീശി ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. ബൈക്ക് മറ്റൊരു വാഹനത്തിൽ തട്ടിയതാണ് പ്രശ്നങ്ങൾക്ക് കാരണമെന്നാണ് സൂചന. ബൈക്കിലെത്തിയ സംഘത്തിലെ പിന്നിൽ ഇരുന്ന യുവാവാണ് വടിവാൾ വീശിയത്. പ്രതികളെക്കുറിച്ച് വിവരം ലഭിച്ചിട്ടുണ്ട്. സംഭവത്തെത്തുടർന്ന് കുട്ടികൾ ഭയന്നു. ചെറുതുരുത്തി പൊലീസ് അന്വേഷണം ആരംഭിച്ചു.

## ഉത്തരേന്ത്യയിൽ ശൈത്യ തരംഗം വീണ്ടും, കുറഞ്ഞ താപനില മൂന്ന് ഡിഗ്രി സെൽഷ്യസായി മാറിയേക്കും

**ന്യൂഡൽഹി:**ഉത്തരേന്ത്യയിൽ ശൈത്യതരംഗം വീണ്ടും ശക്തമാകുന്നു. ഇന്നലെ ഡൽഹിയിലെ കുറഞ്ഞ താപനില 4.7 ഡിഗ്രി സെൽഷ്യസ് ആയി കുറഞ്ഞു. കഴിഞ്ഞ ദിവസത്തെ 10.2 ഡിഗ്രി സെൽഷ്യസ് താപനിലയിൽ നിന്നാണ് ഈ വലിയ ഇടിവുണ്ടായത്.

അടുത്ത മൂന്ന് ദിവസം ശൈത്യ തരംഗം ശക്തമാകുമെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രം പ്രവചിക്കുന്നു. പല സ്ഥലത്തും കുറഞ്ഞ താപനില മൂന്ന് ഡിഗ്രി സെൽഷ്യസ് ആയി മാറിയേക്കും.

ഡൽഹി വിമാനത്താവളത്തിൽ നിന്നും പുറപ്പെടേണ്ടിയിരുന്ന ആറ് വിമാനങ്ങൾ ഇന്നലെ വൈകി.

കനത്ത മൂടൽമഞ്ഞ് തിരികെ എത്തിയതോടെ ഡൽഹിയിൽ പലസ്ഥലത്തും കാഴ്ച്ച പരിധി 200 മീറ്ററായി കുറഞ്ഞു. ഉത്തരേന്ത്യയിൽ 20 തീവണ്ടികൾ വൈകിയോടുകയാണ്. പഞ്ചാബ്, രാജസ്ഥാൻ, ജമ്മു കാശ്മീർ, ഹരിയാന എന്നീ സംസ്ഥാനങ്ങളിലും കനത്ത മൂടൽ മഞ്ഞുണ്ട്.








കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

ലോകത്തിന്റെ
വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ഇതാണോ യഥാർത്ഥ ജനസേവ ?

വൈദ്യുതി ബോർഡും കെ.എസ്.ആർ.ടി.സിയും കെടുകാര്യസ്ഥതകൊണ്ട് വരുത്തിവയ്ക്കുന്ന ഭീമമായ നഷ്ടം നികത്തേണ്ട ബാദ്ധ്യത ഉപഭോക്താക്കൾക്കാണ്. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ വാട്ടർ അതോറിട്ടിക്കുണ്ടായ 2400 കോടി രൂപയുടെ നഷ്ടവും ജനങ്ങളുടെ തലയിൽ അടിച്ചേല്പിക്കാനാണ് നീക്കം. ഉപയോഗിക്കുന്ന വെള്ളത്തിന് ഉപഭോക്താക്കൾ കൃത്യമായി പണം നൽകുന്നുണ്ട്. അഥവാ ബില്ലിനത്തിൽ കുടിശികയുണ്ടെങ്കിൽ അതു പിരിച്ചെടുക്കേണ്ടത് വാട്ടർ അതോറിട്ടിയുടെ മാത്രം ചുമതലയാണ്. 2400 കോടി രൂപ കുടിശികയുണ്ടെങ്കിൽ അത് അവരുടെ പിടിപ്പുകേടിന്റെ തെളിവാണ്. അതിന് ഉപഭോക്താക്കളെ പിഴിയുന്നത് കടുത്ത ജനവഞ്ചനയും തികഞ്ഞ മര്യാദകേടുമാണ്.

ലിറ്ററിന് ഒരു പൈസയുടെ വർദ്ധനയാണത്രെ ഉദ്ദേശിക്കുന്നത്. ആർക്കും അതിനു പിന്നിൽ ഒളിഞ്ഞിരിക്കുന്ന അപകടം പെട്ടെന്നു മനസിലാവില്ല. രണ്ടുമാസത്തിലൊരിക്കൽ ഇപ്പോൾ ഈടാക്കുന്ന ശരാശരി ബില്ലിന്റെ മൂന്നോ നാലോ ഇരട്ടി ഇനി അടയ്ക്കേണ്ടിവരുമെന്ന് അറിയുമ്പോഴേ അപകടം ബോദ്ധ്യമാവൂ.

കുടിവെള്ളമില്ലാതെ മനുഷ്യന് ജീവിക്കാനാവില്ല. എല്ലാ കുടുംബങ്ങൾക്കും പാനീയയോഗ്യമായ കുടിവെള്ളമെത്തിക്കേണ്ടത് ഭരണകൂടത്തിന്റെ പ്രാഥമിക ചുമതലയാണ്.

ദാഹജലം നൽകുന്നതിന്റെ ചെലവ് പെരുപ്പിച്ചു കാണിച്ച് ജനങ്ങളിൽനിന്ന് ദുർവഹമായ തോതിൽ പണം പിടുങ്ങുന്നതല്ല ക്ഷേമഭരണം. വെള്ളവും വെളിച്ചവുമെങ്കിലും താങ്ങാവുന്ന വിലയ്ക്ക് നൽകാൻ സർക്കാരിനു കഴിയണം. കുടിശികയുടെ പകുതിയെങ്കിലും പിരിച്ചെടുക്കാനായാൽ വെള്ളക്കരം കൂട്ടേണ്ടിവരില്ല എന്നുമാത്രമല്ല കൂടുതൽ സൗജന്യങ്ങൾ നൽകാനും കഴിയും. വെള്ളക്കരം കൂട്ടിയിട്ട് ആറുവർഷത്തിലധികമായത്രേ. അതു വലിയ കേമത്തമെന്നാണോ സർക്കാർ കരുതുന്നത്. നാമമാത്ര വിലയ്ക്ക് തിരുവനന്തപുരം നഗരത്തിൽ ജലവിതരണം നടന്നിരുന്ന കാലമുണ്ടായിരുന്നു. ശരാശരി രണ്ടുരൂപയായിരുന്നു അന്നത്തെ ബിൽ. അധികാര കേന്ദ്രങ്ങളും സംവിധാനവുമൊക്കെ മാറിയപ്പോഴാണ് പടിപടിയായി വെള്ളക്കരത്തിലും വൻവർദ്ധനയുണ്ടായത്.

വെള്ളക്കരം മൂന്നും നാലും ഇരട്ടി കൂട്ടാനുള്ള വാട്ടർ അതോറിട്ടിയുടെ ശുപാർശ കഴിഞ്ഞ ദിവസം ഇടതുമുന്നണി നേതൃയോഗം അംഗീകരിച്ചതോടെ ഇനി തീരുമാനം നടപ്പായാൽ മതി. ശമ്പളവും പെൻഷനും കൊടുക്കാനാവാത്ത സ്ഥിതി വന്നതിനാലാണ് വെള്ളക്കരം കൂട്ടേണ്ടിവരുന്നതെന്നാണ് വകുപ്പുമന്ത്രി നേതൃയോഗത്തിൽ വിശദീകരിച്ചതത്രെ. ശുപാർശ പ്രകാരം വെള്ളക്കരം കൂട്ടിയാലും വാട്ടർ അതോറിട്ടി സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറുമെന്ന് മന്ത്രിക്ക് പറയാനാകുമോ ചാർജ് കൂട്ടുക എന്നതിനപ്പുറം അതു എപ്പോഴെങ്കിലും കുറയ്ക്കുന്ന കാര്യത്തെക്കുറിച്ച് ആരെങ്കിലും ചിന്തിച്ചിട്ടുണ്ടോ അങ്ങനെ ചിന്തിക്കണമെങ്കിൽ ജനങ്ങളെക്കുറിച്ചും അവരുടെ ജീവിത പ്രയാസങ്ങളെക്കുറിച്ചും ബോധമുണ്ടാകണം. ഏറ്റവും എളുപ്പമുള്ള ഭരണനടപടിയാണ് ചാർജ് വർദ്ധന. ഒരു പ്രസ്താവനയോ പത്രക്കുറിപ്പോ മാത്രം മതിയാകും.

ഡൽഹിയിലും ഈയടുത്ത് പഞ്ചാബിലും എങ്ങനെയാണ് ഭരണമാറ്റം ഉണ്ടായതെന്ന് നമ്മുടെ രാഷ്ട്രീയകക്ഷികളും പഠിക്കേണ്ടതാണ്. സാധാരണക്കാരുടെ നിത്യജീവിതം കുറച്ചെങ്കിലും ക്ളേശരഹിതമാക്കാൻ സഹായിക്കുന്ന ചില നടപടികൾ വാഗ്ദാനം ചെയ്തുകൊണ്ട് ജനങ്ങളെ സമീപിച്ചതുകൊണ്ടാണ് എ.എ.പി രണ്ടിടത്തും അധികാരത്തിൽ കുതിച്ചെത്തിയത്. ജനങ്ങൾക്കു നൽകിയ വാഗ്ദാനം അക്ഷരം പ്രതി അവർ നടപ്പാക്കുകയും ചെയ്തു. വെള്ളവും വെളിച്ചവും പൊതുഗതാഗതവും സൗജന്യമാക്കിയില്ലെങ്കിലും അവ സാധാരണ കുടുംബങ്ങൾക്ക് താങ്ങാവുന്ന വിധത്തിലെങ്കിലും നിരക്കുകൾ നിശ്ചയിക്കുന്നതല്ലേ യഥാർത്ഥ ജനസേവ എന്നു നമ്മുടെ രാഷ്ട്രീയ കക്ഷികൾ എന്നാണു തിരിച്ചറിയുക



## കാര്യവട്ടത്ത് ഇനി മത്സരം ഉണ്ടാകുമോ...

കോഴിക്കോട്: പട്ടിണി കിടക്കുന്നവർ കളി കാണാൻ വരേണ്ടെന്ന സംസ്ഥാന കായിക മന്ത്രി വി. അബ്ദുറഹ്മാന്റെ വിവാദപരാമർശവും പിന്നാലെ കാര്യവട്ടത്ത് നടന്ന ഇന്ത്യ- ശ്രീലങ്ക ഏകദിന മത്സരത്തിൽ കാണികൾ കുറഞ്ഞതും വലിയ ചർച്ചകൾക്കാണ് വഴി തുറന്നിരിക്കുന്നത്. 38,000 സീറ്റുള്ള കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ കോംപ്ലിമെന്ററി പാസുകളടക്കം ആകെ കളികണ്ടത് 16,210 പേരാണ്. ഇതിൽ വെറും 6,201 ടിക്കറ്റുകളാണ് വിറ്റുപോയത്. സ്റ്റേഡിയത്തിൽ അവസാനം നടന്ന നാലുമത്സരങ്ങളിൽ എല്ലാ ടിക്കറ്റുകളും വിറ്റുപോയപ്പോഴാണിത്.

കാണികൾ കുറഞ്ഞത് സംസ്ഥാനത്ത് രാഷ്ട്രീയ വിവാദങ്ങൾക്ക് വഴി തുറന്നെങ്കിലും ഇത് പ്രധാനചർച്ചയായി മാറിയത് മുൻ ഇന്ത്യൻ താരം യുവരാജ് സിങ്ങിന്റെ ട്വീറ്റോടെയാണ്. പാതിയൊഴിഞ്ഞ സീറ്റുകൾ സൂചിപ്പിക്കുന്നത് ഏകദിന ക്രിക്കറ്റ് മരിക്കുകയാണോ എന്നായിരുന്നു യുവരാജ് സിങ്ങിന്റെ ചോദ്യം. ട്വന്റി20 മത്സരങ്ങൾക്ക് ജനപ്രീതി ലഭിക്കുകയും സാമ്പത്തികമായും ലാഭമുണ്ടാക്കുന്ന ഐ.പി.എൽ. പോലുള്ള പരിമിത ഓവർ ടൂർണ്ണമെന്റുകൾ വ്യാപിക്കുകയും ചെയ്തതോടെ അമ്പത് ഓവർ മത്സരങ്ങൾ കാണാൻ ആളുകൾ കുറയുന്നുവെന്ന ആശങ്ക നേരത്തേയുണ്ട്. 50 ഓവർ ഏകദിന മത്സരങ്ങൾക്ക് സമയത്തിന്റെ പേരിലാണ് ആളുകൾ പുറംതിരിഞ്ഞിരിക്കുന്നത് എന്നാണ് വിലയിരുത്തൽ. ടി-20 മത്സരങ്ങൾ മൂന്ന്- നാല് മണിക്കൂറിനുള്ളിൽ അവസാനിക്കുന്നതിനാൽ കൂടുതൽ കാണികൾ എത്തുന്നുവെന്നാണ് കരുതിയിരുന്നത്.

മുമ്പ് നടന്ന മത്സരങ്ങൾ ഹൗസ് ഫുൾ ആകുകയും തീർത്തും അപ്രതീക്ഷിതമായി ഞായറാഴ്ച അവധി ദിനമായിരുന്നിട്ടും ശ്രീലങ്കയ്ക്കെതിരായ കഴിഞ്ഞ കളിയിൽ കാണികൾ അകന്നുനിന്നതും ആശങ്കയും സൃഷ്ടിച്ചിട്ടുണ്ട്. താരങ്ങൾ മത്സരത്തിനായി എത്തിയപ്പോൾ തന്നെ പതിവ് ആവേശക്കാഴ്ചകളൊന്നും തലസ്ഥാനത്ത് ഉണ്ടായില്ല. മൂന്ന് മത്സരങ്ങളുള്ള പരമ്പര ഇന്ത്യ 2-0 ത്തിന് ജയിച്ച ശേഷമാണ് അവസാന മത്സരത്തിന് ടീമുകൾ കാര്യവട്ടത്തേക്ക് എത്തിയത്. പരമ്പര ഇന്ത്യ നേടിയതിനാലാണ് അവസാന മത്സരത്തിന് വലിയ ആവേശമുണ്ടാവാതിരുന്നതെന്നും വിലയിരുത്തപ്പെട്ടിരുന്നു.

ഇതിന് മുമ്പ് 2018ലാണ് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഏകദിന മത്സരം നടന്നത്. മറ്റ് മൂന്ന് മത്സരങ്ങളും ടി-20കളായിരുന്നു. കാണികളുടെ കുറവ് ഭാവിയിൽ സംസ്ഥാനത്തിന് മത്സരങ്ങൾ അനുവദിക്കുന്നതിന് തിരിച്ചടിയായേക്കാമെന്നതാണ് പ്രധാന ആശങ്ക. അടുത്ത വർഷം ഏകദിന ലോകകപ്പിന് ആതിഥ്യമരുളുന്നത് ഇന്ത്യയാണ്. ഈ അവസരത്തിൽ കേരളത്തിനും ഒരു മത്സരം ലഭിക്കാനുള്ള സാധ്യതയുണ്ടായിരുന്നു. കേരളത്തിലെ ക്രിക്കറ്റ് പ്രേമികൾ അത് ആഗ്രഹിക്കുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് നടന്ന പ്രധാനപ്പെട്ടൊരു മത്സരത്തിൽ ആളുകൾ കുറഞ്ഞത് കേരളത്തിന് വേദി കിട്ടാനുള്ള ശ്രമങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയാണ് പലരും പങ്കുവെക്കുന്നത്.



## നിർമിച്ചത് ചൈനീസ് കമ്പനി; ഉദ്ഘാടനം കഴിഞ്ഞ് പതിനഞ്ചാം ദിവസം അപകടഭൂമിയായി പൊഖാറ വിമാനത്താവളം

കാഠ്മണ്ഡു: ഉദ്ഘാടനം കഴിഞ്ഞ് രണ്ടാഴ്ച തികയുന്ന വേളയിലാണ് നേപ്പാളിലെ പൊഖാറ വിമാനത്താവള പരിസരം ദുരന്തഭൂമിയാകുന്നത്. ചൈനയുടെ സഹകരണത്തോടെ നിർമിച്ച വിമാനത്താവളത്തിന്റെ ഉദ്ഘാടനം ജനുവരി ഒന്നിനായിരുന്നു. പണി പൂർത്തിയാകുന്നതിന് മുന്നെയാണ് വിമാനത്താവളം തുറന്നുകൊടുത്തതെന്നാണ് ഇപ്പോൾ ഉയരുന്ന ആക്ഷേപം.

ചൈനയുടെ ബെൽട്ട് ആൻഡ് റോഡ് ഇനീഷ്യേറ്റീവിന്റെ ഭാഗമായി സി.എ.എം.സി. എൻജിനീയറിങ്ങിനായിരുന്നു വിമാനത്താവളത്തിന്റെ നിർമാണച്ചുമതല. കഴിഞ്ഞ ഏപ്രിലിൽ വിമാനത്താവളത്തിന്റെ പണി പൂർത്തിയായതായി ചൈനീസ് വിദേശകാര്യമന്ത്രി വാങ് യി നേപ്പാളിനെ അറിയിച്ചു. തുടർന്ന് ജനുവരി ഒന്നിന് പ്രധാനമന്ത്രി പുഷ്പ കമാൽ ദാഹൽ വിമാനത്താവളം തുറന്നുനൽകി. വിമാനത്താവളത്തിന്റെ നിർമാണത്തിനായി ചൈന ഉപയോഗിച്ച സാധന സാമഗ്രികളെന്തെല്ലാമാണെന്ന് പരിശോധിക്കുമെന്ന് നേപ്പാളിലെ ബന്ധപ്പെട്ട വൃത്തങ്ങൾ അറിയിച്ചു.

2014-ലാണ് വിമാനത്താവളത്തിന്റെ നിർമാണക്കരാർ ചൈനീസ് കമ്പനിക്ക് നൽകുന്നത്. 2017-ൽ ജൂലായിൽ നിർമാണ പ്രവൃത്തികൾ ആരംഭിച്ചു. 1400 കോടിയോളം രൂപ ചെലവിലാണ് വിമാനത്താവളം നിർമിച്ചത്. വിമാനത്താവളത്തിന്റെ നിർമാണത്തിനു പിന്നാലെ രാജ്യത്തെ റെയിൽവേ നിർമാണത്തിനും മറ്റു പദ്ധതി പ്രവൃത്തികൾക്കും നേപ്പാൾ പ്രധാനമന്ത്രി ചൈനയുടെ സഹകരണം തേടിയിരുന്നു.

ഞായറാഴ്ച രാവിലെ 11 മണിയോടെയാണ് 68 യാത്രക്കാരും നാലു ജീവനക്കാരുമായി പറന്ന യെതി എയർലൈൻസ് തകർന്നുവീണത്. അപകടത്തിൽ 68 പേർ മരിച്ചു. കാഠ്മണ്ഡുവിൽനിന്ന് പുറപ്പെട്ട വിമാനം പൊഖാറയിൽ ലാൻഡ് ചെയ്യാനിരിക്കേയാണ് അപകടം. ദുഃഖാചരണത്തിന്റെ ഭാഗമായി തിങ്കളാഴ്ച നേപ്പാളിൽ പൊതു അവധി പ്രഖ്യാപിച്ചു.



## നേപ്പാൾ വിമാനദുരന്തം: ബ്ലാക്ക്ബോക്സ് കണ്ടെത്തി, യാത്രികരെ ആരെയും രക്ഷിക്കാനായില്ലെന്ന് സൈന്യം

കാഠ്മണ്ഡു: നേപ്പാളിൽ ഞായറാഴ്ച തകർന്നുവീണ യെതി എയർലൈൻസ് യാത്രാവിമാനത്തിന്റെ ബ്ലാക്ക് ബോക്സ് കണ്ടെത്തി. വിമാനത്താവള ഉദ്യോഗസ്ഥനെ ഉദ്ധരിച്ച് ദേശീയമാധ്യമങ്ങളാണ് ഇക്കാര്യം റിപ്പോർട്ട് ചെയ്തത്. ബ്ലാക്ക് ബോക്സ് പരിശോധിക്കുന്നതിലൂടെ വിമാനാപകടത്തിലേക്ക് നയിച്ച കാരണം വ്യക്തമാകും.

ജീവനക്കാർ ഉൾപ്പെടെ 72 പേരുമായി കാഠ്മണ്ഡു വിമാനത്താവളത്തിൽനിന്ന് പറന്നുയർന്ന വിമാനം പൊഖറ വിമാനത്താവളത്തിൽ ലാൻഡിങ്ങിന് തയ്യാറെടുക്കവേയാണ് തകർന്നുവീണത്.

യാത്രക്കാരെ ആരെയും രക്ഷിക്കാൻ കഴിഞ്ഞില്ലെന്ന് നേപ്പാൾ സൈന്യം ഔദ്യോഗികമായി സ്ഥിരീകരിച്ചു. 68 പേരുടെ മരണമാണ് ഇതുവരെ സ്ഥിരീകരിച്ചിട്ടുള്ളത്. ഇതിൽ 35 പേരെ തിരിച്ചറിഞ്ഞിട്ടുണ്ടെന്നാണ് വിവരം. പൊഖറ അക്കാദമി ഓഫ് ഹെൽത്ത് സയൻസസിലാണ് മൃതദേഹങ്ങൾ സൂക്ഷിച്ചിട്ടുള്ളതെന്ന് ദ കാഠ്മണ്ഡു പോസ്റ്റ് റിപ്പോർട്ട് ചെയ്തു.

ഇനിയും കണ്ടെത്താനുള്ളവർക്ക് വേണ്ടിയുള്ള തിരച്ചിൽ പുരോഗമിക്കുന്നതായി രക്ഷാപ്രവർത്തകർ അറിയിച്ചു. വിമാനദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരിൽ അഞ്ചുപേർ ഇന്ത്യക്കാരാണ്.



## ഭർതൃബലാത്സംഗം ക്രിമിനൽ കുറ്റമാക്കണമെന്ന ഹർജി; കേന്ദ്രം ഫെബ്രുവരി 15—നകം നിലപാടറിയിക്കണം

ന്യൂഡൽഹി: ഭർതൃബലാത്സംഗം ക്രിമിനൽ കുറ്റമാക്കണമെന്ന ഹർജികളിൽ ഫെബ്രുവരി പതിനഞ്ചിനകം കേന്ദ്രം നിലപാട് അറിയിക്കണമെന്ന് സുപ്രീം കോടതി. ഹർജികളിൽ മാർച്ചിൽ വാദം കേൾക്കുമെന്ന് ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

ഭർതൃബലാത്സംഗം ക്രിമിനൽ കുറ്റമാക്കണമെന്ന ഹർജികളിൽ ഡൽഹി ഹൈക്കോടതി ഭിന്നവിധി പുറപ്പെടുവിച്ചിരുന്നു. അതിനാൽ സുപ്രീം കോടതി ഈ ഹർജികൾ പരിഗണിക്കുകയോ അല്ലെങ്കിൽ ഹൈക്കോടതിയുടെ വിശാല ബെഞ്ചിനോട് ഈ വിഷയം പരിഗണിക്കാൻ നിർദേശിക്കുകയോ ചെയ്യാവുന്നതാണെന്ന് കേന്ദ്ര സർക്കാരിനുവേണ്ടി ഹാജരാകുന്ന സോളിസിറ്റർ ജനറൽ കോടതിയിൽ ചൂണ്ടിക്കാട്ടി. സുപ്രീം കോടതി തന്നെ ഈ ഹർജികൾ കേൾക്കുമെന്ന് ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡ് അറിയിച്ചു.

ഭർതൃബലാത്സംഗം ക്രിമിനൽ കുറ്റമാക്കണമെന്ന ആവശ്യത്തേക്കുറിച്ച് നാല് മാസങ്ങൾക്ക് മുമ്പ് സംസ്ഥാനങ്ങളുടെ നിലപാട് തേടിയിട്ടുണ്ടെന്ന് കേന്ദ്രം കോടതിയെ അറിയിച്ചു. സാമൂഹികമായ അനന്തര ഫലം ഉണ്ടാക്കുന്ന വിഷയം കൂടിയാണിതെന്നും സോളിസിറ്റർ ജനറൽ കോടതിയിൽ അഭിപ്രായപ്പെട്ടു. സി.പി.എമ്മിന്റെ വനിതാ സംഘടനയായ അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ ഉൾപ്പടെയാ


ലോകചരിത്രത്തിലാദ്യമായി
22 മണിക്കൂർ 10 മിനിറ്റ് തുടർച്ചയായി
വിഷ്വൽ കഥാപ്രസംഗം അവതരിപ്പിച്ച്
URF-ASIAN RECORD & WORLD RECORD കരസ്ഥമാക്കിയ
ഡോ. നിരണം രാജൻ
അവതരിപ്പിക്കുന്ന
പുണ്യപുരാണ വിഷ്വൽ കഥാപ്രസംഗം
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട. ഫോൺ: 98470 31647
സൗണ്ട് സിസ്റ്റവും ലൈറ്റ് സിസ്റ്റവും ഞങ്ങൾ കൊണ്ടുവരുന്നതാണ്



വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.

# മന്ത്രിമാർ നീറോ ചക്രവർത്തിമാരായി കർഷകരെ ദുരിതത്തിലാക്കുന്നു ; പി. എൻ. നെടുവേലി

**ആലപ്പുഴ :** കഴിഞ്ഞ വിളവെടുപ്പിന് തൊട്ടുമുമ്പുണ്ടായ കനത്ത വേനൽ മഴയിലും,മട വീഴ്ചയിലും കൃഷിപാടെ നശിച്ചുപോയ, അപ്പർ കുട്ടനാട്ടിലെ മുഴുവൻ കർഷകർക്കും നഷ്ടപരിഹാരം നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന്, ഐക്യ കർഷക സംഘം ആലപ്പുഴ ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.അപ്പർ കുട്ടനാട്ടിലെ, ഹരിപ്പാട്,പള്ളിപ്പാട്, മാന്നാർ, ചെന്നിത്തല, വീയപുരം, നിരണം, കടപ്ര തുടങ്ങിയ 5600 ഏക്കറിലധികം നെൽപ്പാടങ്ങളാണ് കൊയ്തെടുക്കുവാൻ പോലും കഴിയാതെ പാടെ നശിച്ചു പോയത്.നഷ്ടപരിഹാരത്തിനു വേണ്ടി നിരവധി നിവേദനകളും, നടത്തിയ പ്രക്ഷോഭങ്ങളും കണ്ടില്ലെന്ന് നടിക്കുന്ന ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ' നീറോചക്രവർത്തി 'മാരായി, കർഷകരെ അവജ്ഞയോടെ അവഗണിക്കുകയാണെയോഗം ഉദ്ഘാടനം ചെയ്തു കൊണ്ട് ഐക്യകർഷക സംഘം സംസ്ഥാന വൈസ് പ്രസിഡന്റ് പി. എൻ. നെടുവേലി പറഞ്ഞു.ടി.കെ.ദിവാകരൻ സ്മാരക ഹാളിൽകൂടിയ സമ്മേളനത്തിൽ ജില്ലാ വൈസ് പ്രസിഡണ്ട് ജമിനി ഗണേശൻ അധ്യക്ഷത വഹിച്ചു.വർക്കിംഗ് പ്രസിഡന്റ് എസ്. എസ്. ജോളി, ആർഎസ്. പി. ദേശീയ സമിതി അംഗം അഡ്വ. കെ. സണ്ണിക്കുട്ടി, സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം അഡ്വ. ബി. രാജശേഖരൻ, ജില്ലാ സെക്രട്ടറി അഡ്വ. ആർ.ഉണ്ണികൃഷ്ണൻ അമ്മിണി വർഗീസ്, ചേർത്തല ശിവപ്രസാദ്, സി. എസ്. രമേശൻ, വി. കെ.ഗംഗാധരൻ,എന്നിവർ പ്രസംഗിച്ചു.



## വാഹനം അപകടത്തിൽപ്പെട്ട് ബാങ്ക് ഉദ്യോഗസ്ഥ മരിച്ചു

**എടത്വ :** വാഹനം അപകടത്തിൽപ്പെട്ട് സ്വകാര്യ ബാങ്ക് ഉദ്യോഗസ്ഥ മരിച്ചു .എടത്വാ ചങ്ങങ്കരി മുരളി സദനത്തിൽ മുരളീധരൻ നായരുടെ മകൾ മഞ്ജുമോൾ എം.(42) ആണ് മരിച്ചത് .ഇന്ന് രാവിലെ 9.30 ന് അമ്പലപ്പുഴ - തിരുവല്ല റോഡിൽ നീരേറ്റുപുറം പെട്രോൾ പമ്പിന് മുൻപിലായിരുന്നു അപകടം .അമിത വേഗത്തിലെത്തിയ ടോറസ് സ്ക്കൂട്ടറിലിടിച്ചാണ് അപകടമുണ്ടായത് .പൊടിയാടി സ്വകാര്യ ബാങ്കിൽ ജോലി ചെയ്യുന്ന മഞ്ജുമോൾ രാവിലെ ഓഫീസിലേക്ക് പോകുമ്പോഴാണ് അപകടം ഉണ്ടായത് .ഇടിയിൽ സ്കൂട്ടർ ടോറസിനടയിൽ പെടുകയായിരുന്നു .ഉടനെ പരുമലയിലെ സ്വകാര്യ ആശുപതിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണപ്പെട്ടു .പോലിസ് സ്ഥലത്ത് എത്തി മേൽനടപടി സ്വീകരിച്ചു .

## ബൈഡൻ കുടുംബത്തിനെതിരെ അന്വേഷണത്തിന് തുടക്കമിട്ടു റിപ്പബ്ലിക്കൻ പാർട്ടി



**വാഷിംഗ്ടൺ ഡി.സി.:** ബൈഡനും, കുടുംബത്തിനുമെതിരെയുള്ള ആരോപണങ്ങളെ കുറിച്ചു അന്വേഷിക്കുമെന്ന് റിപ്പബ്ലിക്കൻ പാർട്ടിയുടെ ദീർഘകാലമായുള്ള വാഗ്ദാനം നിറവേറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ട്രമ്പിനെതിരെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളെ അതേ നാണയത്തിൽ തിരിച്ചടിക്കാനാണ്. ഇവർ പദ്ധതിയിട്ടിരിക്കുന്നത്. യു.എസ്. ഹൗസിൽ ഭൂരിപക്ഷം നേടിയതോടെ ട്രഷറി ഡിപ്പാർട്ട്മെന്റിൽ നിന്നും കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടു കത്തയച്ചു. സംശയകരമായ സാഹചര്യത്തിൽ പണമിടപാടുകൾ ബൈഡനും കുടുംബവും നടത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ റിപ്പബ്ലിക്കൻ കമ്മിറ്റി ഇതിനകം തന്നെ നിരവധി കത്തുകൾ അയച്ചിരുന്നു. ബൈഡന്റെ മകൻ ഹണ്ടൻ ബൈഡനെ കുറിച്ചു അമേരിക്കയിലെ പ്രധാന പത്രത്തിൽ വന്ന വാർത്തയെകുറിച്ചു ട്വിറ്ററിൽ പ്രതിരക്ഷപ്പെട്ട നിരവധി അഭിപ്രായങ്ങളെകുറിച്ചു ട്വിറ്ററിന്റെ നിരവധി മുൻ ജീവനക്കാർ മൊഴി നൽകണമെന്ന് ആവശ്യപ്പെട്ടു. കത്തുകൾ അയച്ചിരുന്നു. എന്നാൽ ബൈഡൻ അധികാരം ദുരുപയോഗം ചെയ്തു ട്വിറ്ററിലെ റിപ്പോർട്ടുകൾ നീക്കം ചെയ്തുവെന്നാണ് റിപ്പബ്ലിക്കൻ പാർട്ടി ആരോപിക്കുന്നത്.2024 ലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വീണ്ടും സ്ഥാനാർത്ഥിയാകാൻ മോഹിക്കുന്ന ബൈഡന് രാഷ്ട്രീയമായി നേരിടുക എന്നതാണ് റിപ്പബ്ലിക്കൻ പാർട്ടി ലക്ഷ്യമിടുന്നത്. റിപ്പബ്ലിക്കൻ ആവശ്യത്തെകുറിച്ചു ട്രഷറി അഭിപ്രായം പറയുന്നതിന് വിസമ്മതിച്ചു. ഹണ്ടർ ബൈഡനെകുറിച്ചു മാത്രമല്ല പ്രസിഡന്റ് ബൈഡന്റെ സഹോദരന്മാരിൽ ഒരാളായ ജെയിംസ് ബൈഡനെ കുറിച്ചും വിശദമായ അന്വേഷണം നടത്തണമെന്നാണ് റിപ്പബ്ലിക്കൻ പാർട്ടിയുടെ ആവശ്യം.



# ഇന്ത്യൻ അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് ഭാരവാഹികളെ പ്രഖ്യാപിച്ചു

**ഡാലസ്:** ഇന്ത്യൻ അസോസിയേഷൻ ഓഫ് നോർത്ത് ടെക്സസ് 2023 വർഷത്തെ ഭാരവാഹികളെ പ്രഖ്യാപിച്ചു. ദിനേഷ് ഹുഡാ പ്രസിഡന്റ്, ജസ്റ്റിൻ വർഗീസ് സെക്രട്ടറി, സുഷമ മൽഹോത്ര (പ്രസിഡന്റ് ഇലക്ട്), പത്മ മിശ്ര (ട്രഷറർ), നാവസ് ജാ (ജോ. ട്രഷർ) എന്നിവർ ജനുവരി 5ന് ഇർവിങ് എസ് എംയു ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്തു അധികാരമേറ്റുപത്മശ്രീ സന്ത് സിങ് വിർമാനിയാണു സത്യപ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തത്.പുതിയ വർഷത്തെ ഭാരവാഹികളിൽ മലയാളി കമ്മ്യൂണിയെ പ്രതിനിധാനം ചെയ്ത ഡാലസിലെ സാമൂഹ്യ സാംസ്കാരിക പ്രവർത്തകനും റിയൽ എസ്റ്റേറ്റ് ഏജന്റുമായ ജസ്റ്റിൻ വർഗീസ് മാത്രമാണുള്ളത്.1962 ൽ സ്ഥാപിതമായ സംഘടനാ നേരാൺ ടെക്സസ് ഇന്ത്യൻ കമ്മ്യൂണിറ്റിയുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ആവശ്യങ്ങൾ വിശകലനം ചെയ്തു. ആവശ്യമായ നിർദേശങ്ങൾ നൽകുന്നു എന്ന ലക്ഷ്യത്തോടെയാണു പ്രവർത്തിക്കുന്നത്.ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷന്റെ ഭാഗമായിട്ടാണ് സംഘടന പ്രവർത്തിക്കുന്നത്.ഉർമിത്ത് ജുനേജ് (മുൻ പ്രസിഡന്റ്), ശ്രീയൻസ് ജെയ്ൻ, സ്മരണിക ഔത്ത്, ഹെറ്റൽഷാ വൈദവ് സേത്ത്, മനീഷ് ചൊക്ഷി, സുഭഷിക് നായക്, ഡീപക് കൈറ, വെങ്കട്ട് മുളുകുട്ടിയ എന്നിവർ ഡയറക്ടർമാരായും പ്രവർത്തിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് : വെങ്കട്ട് 214 250 9905 ബന്ധപ്പെടാവുന്നതാണ്.

# സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മാർച്ചിൽ പ്രവർത്തനസജ്ജമാക്കും– മന്ത്രി വീണാ ജോർജ്

കാഞ്ഞങ്ങാട് :സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി മാർച്ച് മാസത്തോടെ പ്രവർത്തനസജ്ജമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. ജില്ലയിലെ ആരോഗ്യ മേഖലയിലെ വിവിധ വിഷയങ്ങൾ അവലോകനം ചെയ്യുന്നതിനായി കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷനിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ടാറ്റ ട്രസ്റ്റ് ഗവൺമെന്റ് കോവിഡ് ആശുപത്രി നിലനിൽക്കുന്ന സ്ഥലത്ത് സ്പെഷ്യലിറ്റി ആശുപത്രി സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കും. നിലവിലുള്ള സംവിധാനത്തെക്കുറിച്ചും പുതുതായി ആരംഭിക്കേണ്ട സംവിധാനത്തെക്കുറിച്ച് പരിശോധിക്കുന്നതിന് സാങ്കേതിക വിദഗ്ധസമിതിയെ നിയോഗിക്കും. ഈ മാസം അവസാനം സാങ്കേതിക വിദഗ്ധ സമിതി പരിശോധന നടത്തുമെന്നും മന്ത്രി പറഞ്ഞു. എൻഡോസൾഫാൻ ദുരിതബാധിതമായ 11 പഞ്ചായത്തുകളിൽ പ്രത്യക ന്യൂറോ ക്ലിനിക്കുകൾ നടത്തും. വർഷത്തിൽ നാലു തവണ പതിനൊന്ന് പഞ്ചായത്തുകളിലും ആരോഗ്യ കേന്ദ്രങ്ങളിൽ ന്യൂറോളജിസ്റ്റുകൾ നേരിട്ട് എത്തി രോഗികളെ പരിശോധിക്കുന്ന സംവിധാനമാണ് ഏർപ്പെടുത്തുക. എല്ലാ പഞ്ചായത്തുകളിലും ന്യൂറോളജിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നതിനാണ് ന്യൂറോ ക്ലിനിക്കുകൾ ആരംഭിക്കുന്നത്. നിലവിൽ കാസർഗോഡ് ഗവ. മെഡിക്കൽ കോളേജിൽ സേവനം നടത്തുന്ന ന്യൂറോളജിസ്റ്റിന്റെയും കൂടുതൽ ന്യൂറോളജിസ്റ്റുകളുടെയും സേവനം ഇതിന് പ്രയോജനപ്പെടുത്തും. കാസർകോട് ഗവ. മെഡിക്കൽ കോളേജ് നിർമാണം പൂർത്തീകരിച്ച് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് പ്രധാന പരിഗണന നൽകുന്നതെന്നും മന്ത്രി പറഞ്ഞു. ജില്ലയിലെ അഞ്ച് നിയമസഭാ നിയോജക മണ്ഡലങ്ങളിലെയും വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ, കെട്ടിട നിർമ്മാണ പുരോഗതി, ജീവനക്കാരുടെ ക്ഷാമം, തുടങ്ങിയവയെല്ലാം ആരോഗ്യ വകുപ്പ് മന്ത്രി അവലോകനം ചെയ്തു.

# ബിനാലെ: ദോബി ഘാനയിൽ സിനിമാപ്രദർശനങ്ങൾ നാളെ മുതൽ

**കൊച്ചി:** ബിനാലെയുടെ ഭാഗമായി ഫോർട്ടുകൊച്ചി വെളി ദോബി ഘാനയിൽ നടക്കുന്ന 'കാപ്പിരി മുത്തപ്പനൊപ്പം' എന്ന പഞ്ചദിന ചലച്ചിത്രാസ്വാദന ക്യാംപിനെത്തുടർന്നുള്ള സിനിമാപ്രദർശനങ്ങൾക്ക് നാളെ (ജനുവരി 14) വൈകിട്ട് ഏഴിന് തുടക്കമാകും. 16വരെ തുടരുന്ന പ്രദർശനത്തിൽ വിവിധ ചലച്ചിത്ര സംസ്കാരങ്ങളിൽനിന്ന് തെരഞ്ഞെടുത്ത സിനിമകളുണ്ടാകും.അടിച്ചമർത്തപ്പെട്ട തൊഴിലാളി വർഗങ്ങളുടെ പാരസ്പര്യം എന്ന ലക്ഷ്യത്തോടെ വിവിധ മേഖലകളിലെ തൊഴിലാളികളും ചലച്ചിത്ര പ്രവർത്തകരും ചരിത്രമെഴുതുന്നവരും ഒത്തുചേർന്ന ക്യമ്പിൽ തെരഞ്ഞെടുത്ത സിനിമകളാണ് പ്രദർശിപ്പിക്കുന്നത്. പ്രവേശനം സൗജന്യം. ആസ്വാദന ക്യാംപിന് ഇന്നലെ നരവംശ ശാസ്ത്ര, ചലച്ചിത്ര ഗവേഷക നിക്കോൾ വുൾഫും വിസ്കോൺസിൻ - മാഡിസൺ സർവ്വകലാശാല കമ്മ്യൂണിക്കേഷൻ ആർട്ട്സ് അസിസ്റ്റന്റ് പ്രൊഫസർ ദർശന ശ്രീധർ മിനിയും നേതൃത്വം നൽകി. ഇന്ന് എഴുത്തുകാരി ഗാർഗി ഹരിതകം ക്യാംപിൽ സംസാരിക്കും.ബിനാലെയുടെ ആർട്ട് ബൈ ചിൽഡ്രൻ പ്രോജക്റ്റിലെ ആർട്ടറൂമിന്റെ ഭാഗമായി ഫോർട്ടുകൊച്ചി കബ്രാൾ യാർഡിൽ തോൽപ്പാവക്കൂത്തും പാവകളിയിലെ കൗശലവും സംബന്ധിച്ച ത്രിദിന ശിൽപശാല ഇന്ന് (ജനുവരി 13) ആരംഭിക്കും. ഈ രംഗത്തെ അറിയപ്പെടുന്നവരായ വിശ്വനാഥ പുലവർ, ഭാര്യ പുഷ്പലത, മകൻ വിപിൻ, മരുമകൾ രമ്യ എന്നിവർ നേതൃത്വം നൽകും.രാവിലെ പത്തുമുതൽ വൈകിട്ട് അഞ്ചുവരെ നടക്കുന്ന ശിൽപശാലയിൽ അഞ്ചാം ക്ളാസ് മുതലുള്ള 20 കുട്ടികൾക്കും 10 മുതിർന്നവർക്കും പങ്കെടുക്കാം. പ്രവേശനം സൗജന്യമാണ്


# സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്താൻ സംയുക്ത പരിശോധന നടത്തി

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ചുണ്ടാകുന്ന ഭക്തരുടെ തിരക്ക് നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിലയിരുത്താൻ എ.ഡി.എം. പി.വിഷ്ണുരാജിന്റെ നേതൃത്വത്തിൽ പോലീസ്, റവന്യൂ, ദേവസ്വം ഉദ്യോഗസ്ഥർ സംയുക്ത പരിശോധന നടത്തി. ഭക്തർക്ക് മകരവിളക്ക് ദർശനം നടത്തുന്നതിനായി കൂടുതൽ വ്യൂ പോയിന്റുകൾ കണ്ടെത്താനും അവിടങ്ങളെല്ലാം കർശനമായ സുരക്ഷ ഉറപ്പു വരുത്താനും കഴിഞ്ഞിട്ടുണ്ടെന്ന് എ.ഡി.എം. പറഞ്ഞു. വനാതിർത്തി സംരക്ഷണവും വന്യജീവികളിൽ നിന്നുള്ള സംരക്ഷണവും ഉറപ്പാക്കാൻ കഴിഞ്ഞു. സുരക്ഷാ ക്രമീകരണങ്ങൾ പൂർണ്ണമായും ഉറപ്പാക്കിയിട്ടുണ്ട്. വനമേഖലയിൽ തീ പടരാൻ സാധ്യതയുള്ളതിനാൽ ഹൈക്കോടതിയുടെ കർശന നിർദേശപ്രകാരം പർണശാല കെട്ടുന്ന ഭക്തർ അഗ്നി കൂട്ടുകയോ പാചകം ചെയ്യുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കാൻ പോലീസും വനം വകുപ്പും ജാഗ്രത പുലർത്തുന്നുണ്ട്.മകരവിളക്ക് ദർശനത്തിനു ശേഷം തിരിച്ചിറങ്ങുന്ന ഭക്തരുടെ തിരക്ക് നിയന്ത്രിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മൂന്നിലധികം പുറത്തേക്കുള്ള വഴികളാണ് കണ്ടെത്തിയിരിക്കുന്നത്. ദർശനത്തിനു ശേഷം ഈ വഴികളിലൂടെ ഭക്തർക്ക് സുഗമമായി തിരിച്ചിറങ്ങുന്നതിനുള്ള ക്രമീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്. എക്സിറ്റ് പോയിന്റുകളിലെ കൈവഴികളുടെ സുരക്ഷയും വെളിച്ച ക്രമീകരണങ്ങളും ഉറപ്പു വരുത്തിയിട്ടുണ്ട്.മകരവിളക്ക് ദിവസമായ 14 ന് ഉച്ചയ്ക്ക് 12 ന് ശേഷം ഭക്തരെ പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് കയറ്റി വിടുന്നതല്ല. സ്പോട്ട് ബുക്കിംഗ് സൗകര്യവും ഉണ്ടായിരിക്കുന്നതല്ല.

മകരവിളക്ക് ദർശിക്കുന്നതിനായി പമ്പയിൽ നിലയുറപ്പിക്കുന്നവരുടെ സുരക്ഷയും ഉറപ്പാക്കിയിട്ടുണ്ട്.പോലീസിന്റെയും മറ്റ് അധികൃതരുടെയും സുരക്ഷാ നിർദേശങ്ങളോട് ഭക്തർ പൂർണ്ണമായും സഹകരിക്കണമെന്നും എ.ഡി.എം. അഭ്യർഥിച്ചു. നിർദേശങ്ങൾ കർശനമായി പാലിക്കണം. ആരോഗ്യപരമായ ബുദ്ധിമുട്ടുകളുണ്ടായാൽ സുസജ്ജമായ ആരോഗ്യ സേവനങ്ങൾ വിനിയോഗിക്കണമെന്നും അദ്ദേഹം പറഞ്ഞു.പോലീസ് ബാരക്ക്, പുതിയ ബയോ പ്ലാന്റിനു സമീപം, മാഗുണ്ട അയ്യപ്പനിലയം, പാണ്ടിത്താവളം, ഉരൽക്കുഴി, ബെയ്‌ലി പാലം, ഭസ്മക്കുളം, സന്നിധാനം റോഡ് എന്നിവിടങ്ങളിലാണ് സംഘം പരിശോധന നടത്തിയത്.ഡ്യൂട്ടി മജിസ്ട്രേറ്റ് സി.എസ്. അനിൽ, എക്സിക്യൂട്ടീവ്, എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് വിനോദ് കുമാർ, ശബരിമല അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ ആർ. പ്രതാപൻ നായർ, ദേവസ്വം മരാമത്ത് വിഭാഗം അസിസ്റ്റന്റ് എൻജിനീയർ കെ. സുനിൽ കുമാർ, കെ.എ.എസ് ഓഫീസർ അരുൺ മേനോൻ തുടങ്ങിയവർ പരിശോധനാ സംഘത്തിലുണ്ടായിരുന്നു.



*കൈനകരി ഗ്രാമപഞ്ചായത്ത് സ്കൂൾ കോംപ്ലക്സ് പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കുള്ള സൗജന്യ സംഗീത വാദ്യോപകരണ പരിശീലന പരിപാടിയുടെ ഉദ്ഘാടനം ചലച്ചിത്ര പിന്നണിഗായകനായ സുദീപ് കുമാർ നിർവഹിക്കുന്നു*




# അമൃതകുളം പോസ്റ്റ് മെട്രിക് ഹോസ്റ്റലിന്റെ ശോച്യാവസ്ഥ പരിഹരിക്കണം: അണ്ണാ ഡി എച്ച് ആർ എം പാർട്ടി

**കൊല്ലം:** അമൃതകുളം പോസ്റ്റ് മെട്രിക് ഹോസ്റ്റിലിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാത്തത് സർക്കാരിന്റെ കുറ്റകരമായ അനാസ്ഥയാണെന്നും ഹോസ്റ്റലിന്റെ ശോച്യാവസ്ഥ എത്രയും പെട്ടെന്ന് പരിഹരിക്കണമെന്നും അണ്ണാ ഡി എച്ച് ആർ എം പാർട്ടി സംസ്ഥാന പ്രസിഡന്റ് ഉഷ കൊട്ടാരക്കര ആവശ്യപ്പെട്ടു. കുട്ടികൾക്ക് പഠിക്കാൻ ആവശ്യമായ സൗകര്യങ്ങൾ ഒന്നും തന്നെ അമൃതകുളം ഹോസ്റ്റലിൽ ഇല്ല എന്നത് വേദനാജനകമായ കാര്യമാണ്. കിടക്കാൻ കട്ടിലോ പഠിക്കാൻ മേശയോ നല്ലൊരു ശുചിമുറിയോ പോലും ഇല്ലാതെ ദലിത് വിദ്യാർഥികളെ മൃഗതുല്യരായി കണക്കാക്കുന്ന സർക്കാർ സമീപനം തിരുത്തണം. പട്ടിക വിഭാഗ വിദ്യാർഥികളുടെ ഗ്രാന്റുകൾ കൃത്യമായി വാങ്ങി നൽകാൻ പോലും വകുപ്പ് മുൻകൈയെടുക്കുന്നില്ല. ഇത്തരം അനാസ്ഥ കേവലം ഒരു ഹോസ്റ്റലിൽ മാത്രമുള്ള പ്രതിഭാസമല്ല. പട്ടികവിഭാഗക്കാർക്കായുള്ള എല്ലാ ഹോസ്റ്റലുകളിലും ഇത്തരം ചെയ്തികൾ നിർബാധം നടക്കുന്നുണ്ട്. പ്രതിഷേധങ്ങൾ ഉണ്ടാവുമ്പോൾ കണ്ണിൽ പൊടിയിടാൻ വേണ്ടി എന്തെങ്കിലും ചെയ്തു എന്നു വരുത്തിതീർക്കുകയാണ് പതിവ്. അതുകൊണ്ട് തന്നെ കേരളത്തിലെ എല്ലാ പട്ടികവിഭാഗ വിദ്യാർഥികൾക്കുമുള്ള ഹോസ്റ്റലുകളിലും എം ആർ എസ്സുകളും സർക്കാർതല സമിതിയെക്കൊണ്ട് പരിശോധിപ്പിക്കണെന്നും ഉഷ കൊട്ടാരക്കര പറഞ്ഞു.

# അഥീനയെ കണ്ടെത്താനായില്ല കെയർ ടേക്കർമാർ അറസ്റ്റിൽ

**ഒക്കലഹോമ :**ചൊവ്വാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ നാലു വയസുകാരിയായ അഥീന ബ്രൗൺഫീൽഡിനെ കാണാതായ സംഭവത്തിൽ കുട്ടിയുടെ കെയർ ടേക്കർമാരെ പോലീസ് അറസ്റ്റ് ചെയ്തു.കുട്ടികളെ വേണ്ട രീതിയിൽ പരിഗണിച്ചില്ലെന്ന കുറ്റം ചുമത്തിയാണ് കെയർ ടേക്കറായ അലിഷ്യ ആഡംസ് 31 ഇവോൺ ആഡംസ് 36 അറസ്റ്റ് ചെയ്തത്.അലിഷ്യ ആഡംസിനെ ഇന്നലെയും ഇവോൺ ആഡംസിനെ ഇന്നുമാണ് അറസ്റ്ചെയ്തതെന്നു ഒക്ലഹോമ പോലീസ് വെളിപ്പെടുത്തി .ചൊവ്വാഴ്ചയാണ് അഥീനയെയും സഹോദരിയെയും കാണാതായത് .ഒക്ലഹോമ സിറ്റിയിൽ നിന്ന് 65 മൈൽ തെക്കുപടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന ആയിരത്തോളം ആളുകൾ താമസിക്കുന്ന സിറിൽ പട്ടണത്തിലെ അവരുടെ വീടിനടുത്തുള്ള തെരുവുകളിൽ അലഞ്ഞു തിരിയുന്ന അഥീനയുടെ അഞ്ചു വയസ്സുള്ള സഹോദരിയെ കണ്ടെത്തിയതായി ഒരു തപാൽ ജീവനക്കാരൻ വ്യക്തമാക്കി.കാണാതായ സമയത്ത് രണ്ട് പെൺകുട്ടികളും ആഡംസിന്റെയും അജ്ഞാതനായ ഭർത്താവിന്റെയും സംരക്ഷണയിലായിരുന്നുവെന്ന് ഒഎസ്ബിഐ പറഞ്ഞു.'അഥീനയുടെ തിരച്ചിൽ തുടരുകയാണ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പറഞ്ഞു. തിരച്ചിലിന്റെ ഭാഗമായി, അറിയാവുന്ന എല്ലാ ഒഴിഞ്ഞ വീടും പ്രാദേശിക ജലപാതയും ഉൾപ്പെടെ ബുധനാഴ്ച സന്നദ്ധപ്രവർത്തകർ നഗരം മുഴുവൻ അരിച്ചുപെറുക്കി. തിരച്ചിലിനെ സഹായിക്കുന്നതിനായി, നഗരത്തിലെ ട്രാഷ് സേവനം താൽക്കാലികമായി നിർത്തിവച്ചതായി അധികൃതർ അറിയിച്ചു.നഗരത്തിന് ചുറ്റുമുള്ള നിരീക്ഷണ വീഡിയോയും പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബ്യൂറോയുടെ പബ്ലിക് ഇൻഫർമേഷൻ ഓഫീസായ ബ്രൂക്ക് അർബെയ്റ്റ്മാൻ, ബ്രൗൺഫീൽഡിന്റെ തിരോധാനം സംബന്ധിച്ച് കൃത്യമായ ഒരു ടൈംലൈൻ സ്ഥാപിക്കാൻ തങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്ന് പറഞ്ഞു.ബ്രൗൺഫീൽഡിന്റെ മൂത്ത സഹോദരിയെക്കുറിച്ചുള്ള ഒരു അപ്ഡേറ്റിൽ, പേര് വെളിപ്പെടുത്താത്ത പെൺകുട്ടിയെ കണ്ടെത്തിയപ്പോൾ അവൾ ഭയപ്പെട്ടുവെന്നും എന്നാൽ വൈദ്യസഹായം ആവശ്യമില്ലെന്നും അർബെയ്റ്റ്മാൻ പറഞ്ഞു. അവൾ ഇപ്പോൾ സംരക്ഷണ കസ്റ്റഡിയിലാണ്, അർബെറ്റ്മാൻ പറഞ്ഞു. കുട്ടികളുടെ മാതാപിതാക്കളുടെ ലൊക്കേഷനെക്കുറിച്ചും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഈസംഭവത്തിൽ പോലീസ് ആംബർ അലെർട് പ്രഖ്യാപിച്ചിരുന്നില്ലെന്നു ഏജൻസി സ്പോക്കപേഴ്സൺ സാറാ സ്റ്റൻറ് പറഞ്ഞു.'

# എല്ലാ മനുഷ്യരേയും ഒന്നായി കാണുന്ന ശബരിമല രാജ്യത്തിന് മാതൃക: മന്ത്രി കെ. രാധാകൃഷ്ണൻ

ജാതിക്കും മതത്തിനും ഭാഷയ്ക്കും പ്രദേശത്തിനും അതീതമായി എല്ലാ മനുഷ്യരേയും ഒന്നായി കാണുന്ന ശബരിമല രാജ്യത്തിനാകെ മാതൃകയായ പുണ്യഭൂമിയാണെന്ന് പട്ടികജാതി-പട്ടികവർഗ, പിന്നാക്കക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ പറഞ്ഞു. 2023ലെ ഹരിവരാസനം പുരസ്കാരം പ്രശസ്ത ഗാനരചയിതാവും തിരക്കഥാകൃത്തും സംവിധായകനുമായ ശ്രീകുമാരൻ തമ്പിക്ക് ശബരിമല സന്നിധാനം ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സമ്മാനിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഒരു ലക്ഷം രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് ഹരിവരാസനം പുരസ്കാരം.'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാ സ്ഥാനമാണിത്' എന്ന ശ്രീനാരായണ ഗുരുവിന്റെ സന്ദേശം അക്ഷരാർഥത്തിൽ നടപ്പിലാക്കിയ പുണ്യഭൂമിയാണ് ശബരിമല എന്നത് നമുക്ക് അഭിമാനമാണ്. എല്ലാ മനുഷ്യരും ഒന്നാവാനുള്ള അവസരമാണ് ശബരിമല നൽകുന്നത്. ഇവിടെ തൊട്ടുകൂടായ്മയില്ല. പക്ഷേ നമ്മുടെ രാജ്യത്ത് ഇപ്പോഴും തൊട്ടുകൂടായ്മ നിലനിൽക്കുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്റെ 75ാം വാർഷികം ആഘോഷിച്ച അതേ ദിവസമാണ് ക്ലാസ്മുറിയിൽ ദാഹജലം നിറച്ച ഗ്ലാസ് തൊട്ടതിന് അധ്യാപകൻ ഒരു കൊച്ചു ദലിത് പെൺകുട്ടിയെ ക്രൂരമായി മർദിച്ച് കൊലപ്പെടുത്തിയത്. എന്നാൽ, എല്ലാ മനുഷ്യരും ഒന്നാണെന്ന സന്ദേശമാണ് ശബരിമല നൽകുന്നത്.സാഹിത്യത്തിന്റെയും സിനിമയുടെയും എല്ലാ മേഖലകളിലും കഴിവ് തെളിയിച്ച അത്യപൂർവ വ്യക്തിത്വമായ ശ്രീകുമാരൻ തമ്പിക്ക് ഈ പുരസ്കാരം നൽകുന്നതിൽ മലയാളത്തിന് അഭിമാനിക്കാമെന്ന് മന്ത്രി പറഞ്ഞു. മണ്ണിലും വിണ്ണിലും തൂണിലും തുരുമ്പിലും ദൈവമുണ്ട് എന്ന് എഴുതിയതിലൂടെ അന്ധവിശ്വാസത്തിനും അനാചാരത്തിനും എതിരായ ചിന്തയാണ് അദ്ദേഹം പകർന്നുനൽകിയത്. നമ്മുടെ നാട്ടിൽ തിരിച്ചുവരുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ പ്രവർത്തനം നടത്തേണ്ട കാലഘട്ടമാണിത്-മന്ത്രി പറഞ്ഞു. കോവിഡ് മാറിയതിനാൽ ശബരിമലയിൽ ഭക്തജന തിരക്ക് ഉണ്ടാവുമെന്ന് മുൻകൂട്ടി കണ്ടാണ് ഒരുക്കങ്ങൾ നടത്തിയതെന്ന് മന്ത്രി പറഞ്ഞു. തമിഴ്നാട്, തെലങ്കാന, ആന്ധ്ര, കർണാടക എന്നിവിടങ്ങളിൽനിന്നാണ് ഏറ്റവും കൂടുതൽ ഭക്തരെത്തിയത്. 45 ലക്ഷത്തിലധികം ഭക്തരാണ് ഇതുവരെ സന്നിധാനത്തെത്തിയത്. അവർക്ക് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുക എന്നത് പ്രധാന ദൗത്യമാണ്. പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ ഭക്തർ എത്തിയപ്പോഴും അവർക്ക് എല്ലാ സൗകര്യങ്ങളും നൽകാൻ എല്ലാ വകുപ്പുകളും ഏകോപിച്ച് പ്രവർത്തിച്ചു. ശബരിമലയിൽ ഭക്തർ എല്ലാവരും സ്വയം നിയന്ത്രിക്കുക. ഇവിടെ എത്തുന്ന ഓരോ ഭക്തരും പുതിയ ആളായി, സമൂഹത്തിന് നന്മ ചെയ്യുന്നവരായി മാറുക-മന്ത്രി പറഞ്ഞു.തനിക്ക് ലഭിച്ച എല്ലാ പുരസ്കാരങ്ങൾക്കും മുകളിലാണ് ഹരിവരാസനം പുരസ്കാരത്തിന് നൽകുന്ന സ്ഥാനമെന്ന് മറുപടി പ്രസംഗത്തിൽ ശ്രീകുമാരൻ തമ്പി പറഞ്ഞു.പ്രമോദ് നാരായണൻ എംഎൽഎ അധ്യക്ഷനായി. എംപിമാരായ ആന്റോ ആന്റണി, വി കെ ശ്രീകണ്ഠൻ എന്നിവർ മുഖ്യാതിഥികളായി. കെ യു ജനീഷ് കുമാർ എംഎൽഎ വിശിഷ്ടാതിഥിയായി. ദേവസ്വം സെക്രട്ടറി കെ ബിജു പ്രശസ്തിപത്ര പാരായണം നടത്തി. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ, ദേവസ്വം ബോർഡ് അംഗം അഡ്വ. എസ് എസ് ജീവൻ, ദേവസ്വം ബോർഡ് കമ്മീഷണർ ബിഎസ് പ്രകാശ്, റാന്നി പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി എസ് മോഹനൻ, ശബരിമല സ്പെഷൽ കമ്മീഷണർ ജില്ലാ ജഡ്ജി എം മനോജ്, ശബരിമല എഡിഎം പി വിഷ്ണുരാജ് എന്നിവർ സംസാരിച്ചു. സോപാന സംഗീതത്തോടെയാണ് ചടങ്ങിന് തുടക്കമായത്.





## ചലച്ചിത്ര നിർമ്മാണം: വനിതകൾക്കും , ട്രാൻസ്ജെന്റർ വ്യക്തികൾക്കും പരിശീലന പരിപാടി

**തിരുവനന്തപുരം:**സംസ്ഥാന വനിതാ വികസന കോർപ്പറേഷനും , കേരള സംസ്ഥാന ഫിലിം ഡെവപ്പമെന്റ് കോർപ്പറേഷനും സംയുക്തമായി ചലച്ചിത്ര നിർമ്മാണ രംഗത്തിലെ തൊഴിൽ സാധ്യതകളും നൈപുണ്യ വികസനവും എന്ന വിഷയത്തിൽ പത്ത് ദിവസം നീളുന്ന റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഫെബ്രുവരി മാസം കോഴിക്കോട് വെള്ളിമാട് കുന്നിലെ ജെന്റർ പാർക്ക് ക്യാമ്പസിൽ സംഘടിപ്പിക്കുന്ന ക്യാമ്പിൽ 18- 45 ന് മധ്യേ പ്രായമുള്ള വനിതാ, ട്രാൻസ്ജെന്റർ വ്യക്തികൾക്കാണ് അവസരം. പ്ലസ്ടുവും, അടിസ്ഥാന കമ്പ്യൂട്ടർ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. ക്യാമ്പ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ചലച്ചിത്ര നിർമ്മാണ മേഖലയിൽ ഇന്റേൺഷിപ്പ് സൗകര്യവും, നൈപുണ്യ വികസന കോഴ്സുകളിൽ പങ്കെടുക്കുന്നതിനുള്ള അവസരവും നൽകും.താൽപര്യമുള്ളവർ വെള്ളപ്പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, ബയോഡേറ്റ, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം **info@reach.org.in** എന്ന ഇമെയിൽ ഐഡിയിൽ **Application for Media Production camp** എന്ന തലക്കെട്ടോടെ ഈ മാസം 21 ന് മുൻപ സമർപ്പിക്കണം. ഫോൺ - 0471- 236 5445, 94960 15002

## എൻ വൈ സി ദേശിയ വൈസ് പ്രസിഡന്റ് അഫ്സൽ കുഞ്ഞുമോന് എൻ സി പി ആലുവ ബ്ലോക്ക് കമ്മിറ്റി സ്വീകരണം നൽകി

എൻ വൈ സി ദേശിയ വൈസ് പ്രസിഡന്റ് ആയി തെരഞ്ഞെടുക്കപ്പെട്ട അഫ്സൽ കുഞ്ഞുമോന് എൻ സി പി ആലുവ ബ്ലോക്ക് കമ്മിറ്റി സ്വീകരണം നൽകി ബ്ലോക്ക് പ്രസിഡന്റ് അനൂപ് നൊച്ചിമ അദ്യക്ഷത വഹിച്ചു എൻസിപി സംസ്ഥാന നിർവാഹക സമിതി അംഗം മുരളി പുത്തൻവേലി പൊന്നാട അണിയിച്ച് ആദരിച്ചു. ജില്ലാ സെക്രട്ടറി ശിവരാജ് കോമ്പാറ, സേവാദൾ ജില്ലാ ചെയർമാൻ രാജു തോമസ്, ബ്ലോക്ക് ട്രഷറർ മുഹമ്മദാലി തോലക്കര , ജില്ലാ കമ്മിറ്റി അംഗം കെ എച്ച് ശംസുദ്ധീൻ, സോമശേഖരൻ, സിമി ഡോമിനിക്, മജീദ് കോശി എന്നിവർ പ്രസംഗിച്ചു. എടത്തല ഗ്രാമ പഞ്ചായത്ത് അംഗവും, എൻസിപി ദേശീയ സമിതി അംഗവുമായ അഫ്സൽ കുഞ്ഞുമോൻ എൻവൈസിയുടെ ദേശിയ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച് വരികയായിരിന്നു.




## വെള്ളക്കരം കൂട്ടുന്നത് ജനങ്ങളോടുള്ള വെല്ലുവിളി: കെ.സുരേന്ദ്രൻ

**തിരുവനന്തപുരം:** എൽഡിഎഫ് യോഗത്തിൽ വെള്ളക്കരം കൂട്ടാനുള്ള തീരുമാനമെടുത്തത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ. എൽഡിഎഫ് കൺവീനർ വാർത്താസമ്മേളനം നടത്തി വെള്ളക്കരം കൂട്ടുമെന്ന് പ്രഖ്യാപിച്ചത് ജനാധിപത്യവിരുദ്ധവും നിയമവിരുദ്ധവുമാണ്. മന്ത്രിസഭായോഗം ചേർന്നല്ല മറിച്ച് പാർട്ടി കമ്മിറ്റി ചേർന്നാണ് കേരളത്തിൽ ഭരണകാര്യങ്ങൾ തീരുമാനിക്കുന്നത്. വെള്ളക്കരം കൂട്ടുന്നതോടെ സാധാരണക്കാരന് 200 രൂപ മുതൽ പ്രതിമാസ വർദ്ധനവുണ്ടാകും. ഇടതുപക്ഷ യോഗത്തിൽ നിരക്ക് വർദ്ധിപ്പിക്കാനുള്ള നിർദേശം മുന്നോട്ട് വെച്ച മന്ത്രി റോഷി അഗസ്റ്റിൻ സത്യപ്രതിഞ്ജാ ലംഘനമാണ് നടത്തിയിരിക്കുന്നത്. ജീവിത സാഹചര്യം ദുസഹമായ സംസ്ഥാനത്ത് ജനങ്ങളുടെ മേൽ അമിതഭാരം കെട്ടിവെക്കുകയാണ് പിണറായി സർക്കാർ ചെയ്യുന്നത്. ഇനി ഒന്നിനും വിലകൂട്ടില്ലെന്ന് പറഞ്ഞ് അധികാരത്തിൽ എത്തിയ ഇടതു സർക്കാർ വിലകൂട്ടാത്തതായിട്ട് ഒന്നുമില്ലെന്ന അവസ്ഥയാണുള്ളതെന്നും സുരേന്ദ്രൻ പറഞ്ഞു.







# യുദ്ധത്തിലും കാലാവസ്ഥാമാറ്റത്തിലും ആകുലപ്പെട്ട് ഏറ്റവും പ്രായകുറഞ്ഞ കലാകാരൻ

കൊച്ചി: യുദ്ധത്തെയും കാലാവസ്ഥാമാറ്റത്തെയും ചൊല്ലി ആകുലപ്പെടുന്നു ബിനാലെയിൽ പ്രണയ് ദത്തയുടെ കലാവതരണങ്ങൾ. 'ഡേ സീറോ', 'നേതി' എന്നിങ്ങനെ രണ്ടു സൃഷ്ടികളുണ്ട് ഫോർട്ടുകൊച്ചി ആസ്പിൻവാൾ ഹൗസിലെ പ്രദർശനത്തിൽ ഈ 28 കാരന്റേതായി. ഷുബിഗി റാവു ക്യൂറേറ്റ് ചെയ്ത മുഖ്യ ബിനാലെയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രായം കുറഞ്ഞ കലാകാരനാണ് കൊൽക്കൊത്ത സ്വദേശിയായ പ്രണയ് ദത്ത. വീഡിയോ ദൃശ്യങ്ങളിലെ ബ്ലാക്ക് ആൻഡ് വൈറ്റ് ബിംബങ്ങളിലൂടെയാണ് പ്രമേയം പ്രണയ് ദത്ത പ്രേക്ഷകരെ അനുഭവിപ്പിക്കുന്നത്. സ്ക്രീനിന്റെ വിന്യാസവും ശബ്ദത്തിന്റെ സൂക്ഷ്മ മിശ്രണവും സംവേദനത്തിന് തന്മയത്വം നൽകുന്നു. സമകാലീന ലോകത്തിന്റെ യാഥാർഥ്യങ്ങൾ ആധാരമാക്കി ഭാവനാത്മകമായ ഭാവിയിലേക്ക് ആസ്വാദകരെ കൂട്ടിക്കൊണ്ടു പോകുന്നുണ്ട് കംപ്യൂട്ടറിൽ ആവിഷ്കാരം നൽകിയ ബിംബങ്ങൾ. ആശയപ്രകാശനം സുഗമമായി നടത്താൻ കംപ്യൂട്ടറാണ് തനിക്ക് ഏറ്റവും യോജ്യമെന്ന് പ്രണയ് പറഞ്ഞു.ജലം നിലനിൽപ്പിന്റെ ഇന്ധനവും ഭാവിയുടെ കറൻസിയുമായി തീരുന്നതെങ്ങനെയെന്ന് ചലച്ചിത്രാത്മകമായി വിശദീകരിക്കുന്ന 'ഡേ സീറോ' എന്ന സൃഷ്ടിയിലേക്ക് തന്നെ കൊണ്ടെത്തിച്ചത് 2018ൽ ദക്ഷിണാഫ്രിക്കയുടെ തലസ്ഥാനമായ കേപ്ടൗണിലും 2019ൽ ചെന്നൈയിലും നടന്ന സംഭവങ്ങളാണെന്ന് പ്രണയ് പറയുന്നു. ആ വർഷങ്ങളിൽ ഇരു നഗരങ്ങളും അക്ഷരാർത്ഥത്തിൽ വെള്ളമില്ലാത്ത ദിനങ്ങൾക്ക് നിസ്സഹായതയോടെ സാക്ഷ്യം വഹിച്ചു. ജലസംഭരണികൾ വറ്റിവരണ്ടുപോയപ്പോൾ വെള്ളത്തിന് അർഹത പ്രബലർക്കു മാത്രമായി നിയന്ത്രിക്കപ്പെട്ടു. പ്രകൃതിയുടെ ഭാഗമായി അധികാരശ്രേണിയും ബലതന്ത്രവും രൂപപ്പെടുന്നത് തിരിച്ചറിയാനായി. ഇത്തരം ചിന്തകളും നടത്തിയ അന്വേഷണങ്ങളുമാണ് 'ഡേ സീറോ' കലാവതരണമായത്.മൾട്ടിമീഡിയ പ്രതിഷ്ഠാപനങ്ങൾ (ഇൻസ്റ്റലേഷനുകൾ)ക്കു പുറമെ ഫോട്ടോഗ്രാഫിൽ ആക്രിലിക് ഉപയോഗിച്ച പ്രണയ് ദത്തയുടെ സൃഷ്ടികളും ഊഷര ലോകത്തിന്റെ ആഖ്യാനം തന്നെ. യഥാർത്ഥ ജീവിത ഘടകങ്ങളുടെ അപനിർമ്മിതികൾ വിളക്കിച്ചേർത്ത് മുന്നറിയിപ്പെന്ന നിലയ്ക്ക് നാശോന്മുഖ, അരാജക മനോതലങ്ങൾക്ക് കലാവിഷ്കാരം നൽകുന്നതിനു പ്രാമുഖ്യം നൽകുന്ന പ്രണയ് താത്തയുടെ സൃഷ്ടികൾ ഭീതിദമാണ്, അസ്ഥികളെ പോലും മരവിപ്പിക്കുന്നതാണ്.



# ശ്രീപദ്മനാഭ സന്നിധിയിൽ ഇന്ത്യൻ താരങ്ങൾ

**തിരുവനന്തപുരം:** ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ സന്ദർശനം നടത്തി ടീം ഇന്ത്യൻ താരങ്ങൾ. സൂര്യകുമാർ യാദവ്, ശ്രേയസ് അയ്യർ, വാഷിംഗ്ടൺ സുന്ദർ, അക്സർ പട്ടേൽ, കുൽദീപ് യാദവ്, യൂസ്‌വേന്ദ്ര ചാഹൽ എന്നിവരാണ് ഇന്നലെ രാവിലെ ക്ഷേത്രത്തിലെത്തിയത്.
ഹാർദിക് പാണ്ഡ്യ വൈകുന്നേരത്ത് ദർശനം നടത്തി. ടീം ബസിലായിരുന്നു താരങ്ങളുടെ വരവ്. സൂര്യകുമാറിനൊപ്പം കുടുംബവുമുണ്ടായിരുന്നു. ടീം താമസിക്കുന്ന ഹയാത്ത് റിജൻസിയിൽ നിന്ന് 9.45 ഓടെയാണ് ക്ഷേത്രത്തിലെത്തിയത്. വടക്കേനടയിലെത്തിയ ടീമംഗങ്ങളെയും ഫിസിയോ അടക്കമുള്ളവരെയും ക്ഷേത്രം ഭാരവാഹികൾ ചേർന്ന് സ്വീകരിച്ചു.
പാന്റ്സും ബർമുഡയുമണിഞ്ഞ് എത്തിയ ടീമംഗങ്ങൾ ക്ഷേത്രത്തിലേക്ക് പ്രവേശിക്കാനുള്ള മുണ്ടും നേരിയതും ഭാരവാഹികൾ നൽകി. എല്ലാവരും അർച്ചന വഴിപാടായി നടത്തി. ഭഗവാന് മുന്നിൽ കാണിക്കയും അർപ്പിച്ചു. 10.45 ഓടെ ക്ഷേത്രദർശനം നടത്തി എല്ലാവരും മടങ്ങി. ഈ സമയം ക്ഷേത്രത്തിനുള്ളിൽ വലിയ തിരക്കുണ്ടാകാത്തതിനാൽ നിയന്ത്രണങ്ങൾ ഇല്ലായിരുന്നു. 23ലധികം പേരാണ് തൊഴാനെത്തിയത്.ടീമെത്തുന്നത് പുറത്താരും അറിയാത്തതിനാൽ ക്ഷേത്ത്രിന് പുറത്ത് വലിയ ആരാധകത്തിരക്കുണ്ടായില്ല. ഫോട്ടോയെടുക്കാൻ സമീപത്തെത്തിയവരോട് താരങ്ങൾ സഹകരിക്കുകയും ചെയ്തു.

# തെളിയട്ടെ കളിവട്ടം

**തിരുവനന്തപുരം :** തിരുവനന്തപുരത്തിന്റെ മണ്ണിൽ ഒരിക്കൽക്കൂടി അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരത്തിന്റെ കളിവിളക്ക് തെളിയുന്നു. ഇന്ന് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള മൂന്ന് ഏകദിനങ്ങളുടെ പരമ്പരയിലെ അവസാന മത്സരമാണ് അരങ്ങേറുന്നത്.ആദ്യ രണ്ട് മത്സരങ്ങളും ജയിച്ച് പരമ്പര സ്വന്തമാക്കിക്കഴിഞ്ഞ ഇന്ത്യയ്ക്ക് റിസർവ് ബെഞ്ചിലെ താരങ്ങൾക്ക് അവസരം നൽകാനുള്ള മത്സരമാണിത്. ട്വന്റി ട്വന്റി പരമ്പരയിൽ മികച്ച പ്രകടനം കാഴ്ചവച്ചിട്ടും ആദ്യ രണ്ട് ഏകദിനങ്ങളിലും പുറത്തിരിക്കേണ്ടിവന്ന സൂര്യകുമാർ യാദവ് ഉൾപ്പടെയാണ് ഇന്ത്യയുടെ റിസർവ് ബെഞ്ചിലുള്ളത്. അതേസമയം ശ്രീലങ്കയ്ക്ക് ഇത് പരമ്പരയിൽ ഒരു വിജയത്തിന്റെയെങ്കിലും ആശ്വാസവുമായി മടങ്ങാനുള്ള അവസരമാണ്.ഇന്നലെ ശ്രീലങ്കൻ ടീം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ പരിശീലനം നടത്തിയിരുന്നു. തങ്ങൾക്ക് മികച്ച താരങ്ങൾ ഉണ്ടെങ്കിലും സ്ഥിരത പുലർത്താൻ കഴിയാത്തതാണ് പ്രശ്നമെന്ന് ഇന്നലെ പത്രസമ്മേളനത്തിനെത്തിയ ശ്രീലങ്കൻ കോച്ച് ക്രിസ് സിൽവർവുഡ് പറഞ്ഞു. ട്വന്റി ട്വന്റിയിൽ ലങ്കയുടെ കുന്തമുനയായ സ്പിന്നർമാർക്ക് ഏകദിന ഫോർമാറ്റിൽ തിളങ്ങാൻ കഴിയാത്തതും തിരിച്ചടിയായെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.ഉച്ചയ്ക്ക് 1.30നാണ് മത്സരം ആരംഭിക്കുക. രാവിലെ 11.30 മുതൽ കാണികൾക്ക് ഗ്രൗണ്ടിലേക്ക് പ്രവേശനം അനുവദിക്കും. അഞ്ചാമത് അന്താരാഷ്ട്ര മത്സരത്തിനാണ് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം വേദിയാവുന്നത്. 2017 നവംബർ ഏഴിന് ഇന്ത്യയും ന്യൂസിലാൻഡും തമ്മിലുള്ള ട്വന്റി ട്വന്റി മത്സരമാണ് ആദ്യമായി നടന്നത്. അതിന് ശേഷം ഒരു ഏകദിനവും രണ്ട് ട്വന്റി ട്വന്റികളും കൂടി നടന്നു. 2018ലെ കേരളപ്പിറവി ദിനത്തിൽ വെസ്റ്റ് ഇൻഡീസിനെതിരെയായിരുന്നു ആദ്യത്തെ ഏകദിനം. ഗ്രീൻഫീൽഡിൽ ഇതുവരെ നടന്ന നാലുമത്സങ്ങളിൽ മൂന്നെണ്ണത്തിലും ജയിച്ചത് ഇന്ത്യയാണ്. 2019 ഡിസംബറിൽ വെസ്റ്റ് ഇൻഡീസിനെതിരെ നടന്ന ട്വന്റി ട്വന്റിയിൽ മാത്രമാണ് ഇന്ത്യ ഇവിടെ തോൽവി അറിഞ്ഞത്. കഴിഞ്ഞ സെപ്തംബറിൽ ഇവിടെ ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള മത്സരത്തിൽ റണ്ണൊഴുകുന്ന പിച്ചാണെന്നായിരുന്നു ക്യൂറേറ്ററുടെ അവകാശവാദം. ഓരോ ടീമും 200ലേറെ സ്കോർ ചെയ്യുമെന്ന് കരുതിയിരുന്ന മത്സരത്തിൽ രണ്ട് ടീമുകളും ചേർന്ന് നേടിയത് 216 റൺസാണ്. പെട്ടെന്ന് വിക്കറ്റുകൾ നഷ്ടമാകാൻ സാദ്ധ്യതയുള്ള പിച്ചാണ് പൊതുവിൽ ഗ്രീൻഫീൽഡിലേത്. കടലിന്റെ സാന്നിദ്ധ്യവും വൈകുന്നേരത്തെ കാറ്റും പെട്ടെന്ന് പിച്ചിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തും. പരമ്പരയിലെ അവസാന മത്സരമാണ് ഇവിടെ നടക്കുന്നതെങ്കിലും ഇന്ത്യ നേരത്തേ പരമ്പര നേടിക്കഴിഞ്ഞതിനാൽ ആവേശമുണ്ടാകണമെങ്കിൽ സിക‍്സും ഫോറും പറക്കണം. അതിന് അനുയോജ്യമായ രീതിയിലുള്ള പിച്ചായിരിക്കും അവസാന നിമിഷത്തെ മിനുക്കുപണികളിലൂടെ ഒരുക്കിയെടുക്കുക എന്നാണ് അറിയുന്നത്. ഗ്രീൻഫീൽഡിൽ മൂന്ന് സെന്റർ പിച്ചുകളാണ് മത്സരത്തിനായി തയ്യാറാക്കിയിരിക്കുന്നത്. ഇതിൽ കർണാടകയിലെ മാണ്ഡ്യയിൽനിന്നുള്ള ക്ലേകൊണ്ട് നിർമ്മിച്ച പിച്ചിലാണ് നാളത്തെ കളി.മറ്റ് രണ്ടു പിച്ചുകളും കേരളത്തിലെ ക്ലേകൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. മാണ്ഡ്യ പിച്ചിലെ ആദ്യ അന്താരാഷ്ട്രാ മത്സരമാണ് ഞായറാഴ്ചത്തേത്. ആഭ്യന്തരമത്സരങ്ങൾ മാത്രമാണ് ഈ പിച്ചിൽ കളിച്ചിട്ടുള്ളത്. റണ്ണൊഴുകുന്ന പിച്ചാണ് മത്സരത്തിനായി തയ്യാറാക്കിയിരിക്കുന്നത്. ആദ്യം ബാറ്റുചെയ്യുന്ന ടീമിന് 300-ലധികം റൺസ് സ്കോർചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ. മികച്ച വേഗമുള്ള ഔട്ട്ഫീൽഡാണ് ഗ്രീൻഫീൽഡിലേത്. ബി.സി.സി.ഐ. ക്യൂറേറ്റർ പ്രകാശ് ആദവിന്റെ നേതൃത്വത്തിൽ വ്യാഴാഴ്ച പിച്ച് പരിശോധിച്ചിരുന്നു.



# പി.ടി ഉഷ എൽ.എൻ.സി.പി.ഇ സന്ദർശിച്ചു

**തിരുവനന്തപുരം :** ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രസിഡന്റും സായി ഗവേണിംഗ് ബോഡി അംഗവുമായ പി.ടി ഉഷ എം.പി സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ ലക്ഷ്മീഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യുക്കേഷൻ കാര്യവട്ടം ക്യാമ്പസ് സന്ദർശിച്ചു.ഇൻട്രാമ്യൂറൽ മത്സരങ്ങളുടെ ഉദ്ഘാടനം പി ടി ഉഷ നിർവഹിച്ചു. കോമൺവെൽത്ത് ഗെയിംസ്, നാഷണൽ ഗെയിംസ്, ഖേലോ ഇന്ത്യ ഗെയിംസ് തുടങ്ങിയവയിൽ പങ്കെടുത്ത താരങ്ങളെ ഉഷ ആദരിച്ചു. മത്സരങ്ങൾക്കു വേണ്ടി തയ്യാറെടുക്കുന്ന കായിക താരങ്ങളുമായും, പരിശീലകരുമായും ആശയവിനിമയം നടത്തുകയും ചെയ്തു.

# വിരമിക്കൽ പ്രഖ്യാപിച്ച് സാനിയ

മെൽബൺ : ഇത്തവണത്തെ ഓസ്ട്രേലിയൻ ഓപ്പൺ തന്റെ അവസാനത്തെ ഗ്രാൻസ്ളാം ടൂർണമെന്റായിരിക്കുമെന്ന് പ്രഖ്യാപിച്ച് ഇന്ത്യൻ ടെന്നിസിലെ സൂപ്പർ താരം സാനിയ മിർസ.

അടുത്ത മാസം നടക്കുന്ന ദുബായ് ഓപ്പണാകും തന്റെ അവസാന അന്താരാഷ്ട്ര മത്സരമെന്നും സാനിയ ഇന്നലെ ഔദ്യോഗികമായി അറിയിച്ചു.
ആറാം വയസുമുതൽ ടെന്നിസ് കോർട്ടിലിറങ്ങിയ തനിക്ക് ഇനി മകനുവേണ്ടി കൂടുതൽ സമയം ചെലവിടണമെന്നും രാജ്യത്തിന് വേണ്ടി അന്താരാഷ്ട്ര കായിക മേളകളിൽ മെഡലുകൾ നേടാനായതാണ് ജീവിതത്തിൽ ഏറ്റവും കൂടുതൽ വിലമതിക്കുന്നതെന്നും സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്ത വിരമിക്കൽ സന്ദേശത്തിൽ 36കാരിയായ സാനിയ പറഞ്ഞു. ആറ് ഗ്രാൻസ്ളാം ഡബിൾസ് കിരീടങ്ങൾ സ്വന്തമാക്കിയ താരമാണ് സാനിയ. ആദ്യമായി ഡബ്ളിയു.ടി.എ കിരീടം നേടുന്ന ഇന്ത്യൻ താരമാണ് സാനിയ.2005ലായിരുന്നു അത്. തുടർന്ന് സിംഗിൾസിലും ഡബിൾസിലും മിക്സഡ് ഡബിൾസിലും നിരവധി അന്താരാഷ്ട്ര ടൂർണമെന്റുകളിൽ വിജയം നേടിയ സാനിയ ഇന്ത്യൻ വനിതാ ടെന്നിസിന്റെ മുഖമായി മാറി.
നാളെ തുടങ്ങുന്ന ആസ്ട്രേലിയൻ ഓപ്പണിൽ കസാഖിസ്ഥാന്റെ അന്ന ഡാനിലിനയ്ക്കൊപ്പമാണ് സാനിയ മത്സരിക്കുന്നത്. 2016ലെ ആസ്ട്രേലിയൻ ഓപ്പൺ വനിതാ ഡബിൾസ് ചാമ്പ്യനാണ് സാനിയ.



EDITORS CHOICE

# ഏഷ്യൻ നീർപ്പക്ഷി കണക്കെടുപ്പ്; കോഴിക്കോട് ജില്ലയിൽ കണ്ടെത്തിയത് 127 ഇനങ്ങളെ





കോഴിക്കോട്: ഏഷ്യൻ നീർപ്പക്ഷി കണക്കെടുപ്പിന്റെ ഭാഗമായി ജില്ലയിലെ വിവിധ തണ്ണീർത്തടങ്ങളിൽ നടത്തിയ കണക്കെടുപ്പിൽ 127 ഇനം പക്ഷികളെ കണ്ടെത്തി. ഇതിൽ 42 ഇനങ്ങൾ ദേശാടകരാണ്.
മലബാർ നാചറൽ ഹിസ്റ്ററി സൊസൈറ്റി, കോഴിക്കോട് ബേഡേഴ്സ് എന്നിവയുടെ നേതൃത്വത്തിൽ സരോവരം ബയോപാർക്ക്, മാവൂർ, കടലുണ്ടി, ആവളപ്പാണ്ടി, ചെരണ്ടത്തൂർ, കോട്ടപ്പള്ളി, കോരപ്പുഴ അഴിമുഖം എന്നിവിടങ്ങളിലാണ് ഞായറാഴ്ച കണക്കെടുപ്പ് നടന്നത്.
സരോവരം ബയോപാർക്കിൽ നടന്ന സർവേയിൽ കരിങ്കിളി (ബ്ലാക്ക് ബേർഡ്), ഗ്രേറ്റർ ഫ്ലെയിംബാക്ക് (വലിയ മരംകൊത്തി), ചൂളക്കാക്ക (മലബാർ വിസിലിങ് ത്രഷ്) തുടങ്ങി 52 ഇനങ്ങളെയാണ് കണ്ടെത്തിയത്. സോഷ്യൽ ഫോറസ്ട്രി റെയ്ഞ്ച് ഓഫീസർ നജ്മൽ അമീൻ, ശ്രീജേഷ് നെല്ലിക്കോട് എന്നിവരുടെ നേതൃത്വത്തിലായിരുന്നു കണക്കെടുപ്പ്.
കൊമ്പൻ കുയിൽ
മാവൂരിലെ മണന്തലക്കടവ്, സങ്കേതം തുടങ്ങിയ സ്ഥലങ്ങളിൽ കൊമ്പൻകുയിൽ, ഗ്ലോസി ഐബിസ് തുടങ്ങി 64-ഇനം പക്ഷികളെ കണ്ടെത്തി. ഫസൽ കൊടുവള്ളി, റാഫി മടവൂർ എന്നിവർ സർവേക്ക് നേതൃത്വം നൽകി.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com